# INDIAN SCHOOL, AL GHUBRA

## SUMMATIVE ASSESSMENT – II PRACTICE TEST [2012-2013]

## CLASS: X – MALAYALAM 2ND LANGUAGE

## മലയാളം

Time allowed: 3 hrs | M.Marks: 90

*അനുവദിച്ച സമയം: 3 മണിക്കൂർ* | *ആകെ മാർക്ക്: 90*

*General Instructions:*

- Please check that this question paper contains 4 printed pages.
- Please check that this question paper contains 6 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-

| | | |
|---|---|---|
| Section | A:Reading Comprehension | – 10 marks |
| Section | B:Writing | – 14 marks |
| Section | C:Grammar | – 18 marks |
| Section | D: Literature | – 48 marks |

### SECTION-A/ എ. വിഭാഗം (10 Marks)

I ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഭാഷയെ രണ്ടായി വിഭജിക്കാം. ഉത്തേജകമെന്നും വസ്തുനിഷ്ഠമെന്നും. ഒന്നാമത്തേത് കവി, എഴുത്തുകാരൻ, വാഗ്മി എന്നിവരുടെ ഭാഷയാണ്. അത് വികാരത്തിൻെറ വർണ്ണം കലർന്നതും വിചാരപ്രധാനവുമാണ്. ആ ഭാഷയ്ക്ക് ഭാവനയെ ഉത്തേജിപ്പിക്കുവാനും ഓർമ്മയെ ഉണർത്തുവാനും ആത്മാഭിമാനത്തെ വിജൃംഭിപ്പിക്കുവാനും ദേശീയബോധത്തെ ഇക്കിളിപ്പെടുത്തുവാനും ശേഷിയുണ്ട്. ഷേക്സ്പിയറുടെയും വാല്മീകിയുടെയും ചർച്ചിലിൻെറയും ടാഗോറിൻെറയും ഗാന്ധിജിയുടെയും ലെനിനിൻെറയും ഭാഷ ആ വിഭാഗത്തിൽപ്പെടുന്നു. ശാസ്ത്രജ്ഞൻെറയും വ്യവസായിയുടെയും മറ്റും ഭാഷയാണ് വസ്തുനിഷ്ഠമായത്, അത് വ്യാപാരവ്യവസായ ശാസ്ത്രങ്ങളുടെ മാതൃഭാഷയാണ്. വ്യവസായ സ്ഥാപനത്തിൻെറ വർഷാന്തഭരണറിപ്പോർട്ട്, ധനകാര്യമന്ത്രിയുടെ ബജറ്റ് പ്രസംഗം, ചന്ദ്രയാത്രയെക്കുറിച്ചുള്ള 'നാസാ' അദ്ധ്യക്ഷൻെറ ഗവേഷണപ്രബന്ധം തുടങ്ങിയവ അതിൽപ്പെടുന്നു.

(1) കവിയുടെയും വാഗ്മിയുടെയും ഭാഷ എങ്ങനെയുള്ളതാണ് ? 2

(2) ശാസ്ത്രജ്ഞൻെറയും വ്യവസായിയുടെയും ഭാഷ ഏതു വിഭാഗത്തിൽപ്പെടുന്നു ? 2

(3) ഷേക്സ്പിയറുടെയും വാല്മീകിയുടെയും ഭാഷയ്ക്കുള്ള പ്രത്യേകത എന്ത് ? 2

(4) ഭാഷയെ എങ്ങനെ വിഭജിക്കാം ? 2

(5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

### SECTION-B/ ബി. വിഭാഗം (14 Marks)

II (1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 7

(1) പരസ്യങ്ങൾ ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം

(2) പരിസ്ഥിതി സംരക്ഷണം

(3) വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പ്രാധാന്യം

(2) നിങ്ങളുടെ പരിസരപ്രദേശത്തുള്ള പുഴ മലിനമാകുന്ന പ്രശ്നത്തെ പരാമർശിച്ചുകൊണ്ട് ഏതെങ്കിലുമൊരു പത്രത്തിന്റെ പത്രാധിപർക്ക് ഒരു കത്തു തയ്യാറാക്കുക. 7

## SECTION-C/ സി. വിഭാഗം (18 Marks)

III (a) (1) പ്രയോഗം മാറ്റുക 1

സുഗന്ധമുള്ള പൂക്കളെ മാത്രം മനുഷ്യർ പരിഗണിക്കുന്നു.

(2) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 1

അതിലെ ഒരു കീഴ്ജീവനക്കാരനെ ഓഫീസർ ഓർത്തില്ലെന്നുതന്നെ വരും.

(3) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 1

യന്ത്രയുഗത്തിനു താൻ എതിരാണെന്നു പറയുന്നത് തന്റെ അഭിപ്രായങ്ങളെ വികൃതമാക്കലാണെന്നു ഗാന്ധിജി ഒരു ചോദ്യകർത്താവിനോട് ഒരവസരത്തിൽ മറുപടിയായി പറഞ്ഞു.

(4) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1

അന്നത്തെ കൂടെയുള്ള സഹപ്രവർത്തകരെ മുഴുവൻ പൂർണ്ണമായി ഓർക്കുന്നു.

(b) a. പര്യായപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

1. രാജി
   (മണം, സമൂഹം, കൂട്ടം, ഗന്ധം)
2. അഭിരാമം
   (മനോഹരം, ആരാമം, മഞ്ജുളം, ഉദ്യാനം)

b. നാനാർത്ഥപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

1. മാനം
   (നിറം, ആകാശം, വിലാപം, അഭിമാനം)
2. ആശ
   (അലസത, ആഗ്രഹം, ദിക്ക്, ഇരട്ട)

c. വിപരീതപദം എഴുതുക (2 x 1 = 2)

1. ഗൗരവം
   (സഗൗരവം, അശ്രദ്ധ, ലാഘവം, ലക്ഷ്യം)
2. ശുദ്ധി
   (വിശുദ്ധി, ചേതന, സശുദ്ധി, അശുദ്ധി)

d. പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക (2 x 1 = 2)

1. പത്രം–പത്രി
   (പക്ഷി, ഇല, ഭക്ഷണം, കൂട്ടം)
2. പാണി–വാണി
   (കൂട്ടം, വാക്ക്, മുഖം, കൈ)

e. എതിർലിംഗം എഴുതുക (2 x 1 = 2)

1. മാതാവ്
   (ജനനി, പിതാവ്, ദാതാവ്, വിധാതാവ്)
2. പുത്രൻ
   (പുത്ര, പുത്രിണി, പുത്രി, പൗത്രൻ)

(c) a. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2 x 1 = 2)

1. ദാഹങ്ങൾ
2. പരമാദർശം

b. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2 x 1 = 2)

1. നിരുപമം
2. കദ്രുപുത്രന്മാർ

## SECTION-D/ ഡി. വിഭാഗം ( 48 Marks)

IV. (1) ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (8 x ½ = 4)

1. ആരുടെ വഴിയാണ് രാജ്യങ്ങളുടെ സഹകരണത്തിനു നല്ലത്?
(കൊളംബസ്, ബോവർ, ഹ്യുയാൻസാങ്, മിഡിൽട്ടൻ മറി)
2. “അയാൾ വാതിൽ മാത്രമല്ല, ജനലുകളും മലർക്കെ
തുറന്നിട്ടിരിക്കുന്നു.” – ആര്?
(എൻക്വയറി ഓഫീസർ, സാക്ഷികൾ, കീഴ്ജീവനക്കാരൻ, വാച്ച്മേൻ)
3. ചേറിൽക്കുരുക്കുന്നത്
(പയ:കണങ്ങൾ, സിതാംബുജങ്ങൾ, പൃഷ്ഠഭൂമി, തുമ്പപ്പൂവ്)
4. നഗരപാതാളത്തിൽ നിന്നും മോഷ്ടിച്ചുകൊണ്ടു വന്നത്
(ഫയലുകൾ, ഒരു രാത്രി, നിദ്ര, പകൽച്ചൂട്)
5. “നിൻ തല താഴില്ലെന്നോ!” – ആരുടെ?
(ഓഫീസറുടെ, കൊളംബസിൻെറ, ശീമോൻെറ, കീഴ്ജീവനക്കാരൻെറ)
6. താഴെക്കൊടുത്തിട്ടുള്ളവയിൽ ഖണ്ഡകാവ്യം ഏത്?
(പാതാളത്തിൻെറ മുഴക്കം, മഗ്ദലനമറിയം, തരംഗിണി, സാഹിത്യമഞ്ജരി)
7. ഉല്ലേഖഗായകൻ ആര്?
(വള്ളത്തോൾ, കുമാരനാശാൻ, വൈലോപ്പിള്ളി, ഉള്ളൂർ)
8. സൃഷ്ടികർത്താവിനാൽ നിയോഗിക്കപ്പെട്ട യജ്ഞമാണ്
(ധ്യാനം, കർമം, യാത്ര, വായന)

V. ഉത്തരമെഴുതുക

(1) a. ‘വേലക്കാരനോ യജമാനനോ?’ എന്ന തലക്കെട്ട് ലേഖനത്തിന് എത്രമാത്രം അനുയോജ്യമാണ്? 4

b. “യന്ത്രങ്ങൾക്കു സ്ഥാനമുണ്ട്. കാരണം, ശരീരത്തെപ്പോലെ അവ ഒഴിച്ചുകൂടാനാവാത്തതാണ്.” ഗാന്ധിജിയുടെ ഈ അഭിപ്രായത്തിലെ ആശയങ്ങൾ വികസിപ്പിക്കുക. 4

c. “അയാൾ കുറ്റബോധത്തോടെ മിഴിച്ചുനിന്നു”–കഥാനായകൻ മിഴിച്ചു നിൽക്കാൻ ഇടയായ സന്ദർഭമെഴുതുക. 4

d “സർക്കാർ സ്ഥാപനങ്ങളിൽ ആളുകൾക്കല്ല പങ്ക തിരിയുന്നത്, കസേരയ്ക്കാണല്ലോ..” – ‘കല്ലെറിയുന്നവർ’ എന്ന കഥയിൽ ഇങ്ങനെ പറഞ്ഞിട്ടുള്ളതിൻെറ ഔചിത്യമെന്ത്? 4

(2) a. ‘മോഷ്ടിച്ചെടുത്ത ഒരു രാത്രി’ എന്ന ശീർഷകത്തിൻെറ ഔചിത്യം പരിശോധിക്കുക. 4

b. ദീപങ്ങളുടെ ദീപ്തിയെ ദൂരത്താക്കുന്നതാണ് വിരുന്നുകാരൻെറ ശോഭ എന്നു വർണ്ണിച്ചിരിക്കുന്നതിൻെറ പൊരുൾ എന്താണ്? 4

c. ജന്മമല്ല ഒന്നിൻെറ മഹത്വം നിർണ്ണയിക്കുന്നതെന്ന് കവി സമർത്ഥിക്കുന്നതെങ്ങനെ? 4

d. "ഇതല്ലെങ്കിൽ സ്വർഗ്ഗമെന്തിനി വേറെ?" – സന്ദർഭമെഴുതുക. 4

VI ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (2 X 6 = 12)

1. ദ്വീപിൽ നിന്നും സ്വന്തം നാട്ടിലേക്കുള്ള അപ്പുവിൻെറ മടക്കയാത്രയുടെ പ്രത്യേകതകൾ വിവരിക്കുക.
2. 'ലോകശാസ്ത്ര കോൺഗ്രസ്സിലേക്ക് അപ്പുവിനെ ക്ഷണിച്ചു. ഡോക്ടർമാരുടെ ഡോക്ടർ എന്നു പറഞ്ഞ് എല്ലാവരും അംഗീകരിച്ചു.' – ഈ പ്രസ്താവനയുടെ പൊരുൾ പരിശോധിക്കുക.
3. മുത്താമയോടൊപ്പമുള്ള പഠനത്തിൽനിന്ന് അപ്പു ഗ്രഹിച്ചതെന്തെല്ലാം? വിവരണം തയ്യാറാക്കുക.

---

*Prepared by:* Dr. Jitheesh, Dept. Malayalam (HOD), Indian School, Al Ghubra. Sultanate of Oman. e mail; jitheesh2003@yahoo.co.in